**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 145** — **27-06-2022 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ അതിവേഗ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ-റെയിൽ അതിവേഗ പാത നടപ്പാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; | (എ) | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) വഴി നടപ്പിലാക്കുന്ന തിരുവനന്തപുരം - കാസർകോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് കേരളസർക്കാർ അംഗീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിനു സമർപ്പിക്കുകയും റെയിൽ മന്ത്രാലയം സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം നൽകുകയും ചെയ്തു.<br><br>പ്രസ്തുത പ്രീ ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് അനുമതിയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രാലയത്തിന്റെ കത്തിൽ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരാമർശിക്കുന്നു, അതിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ബൃഹദ് പദ്ധതികൾക്ക് ആവശ്യമായ സർവേ, ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ, ഭൂമി ഏറ്റെടുക്കലിനുള്ള ധനവിന്യാസം മുതലായവ ഉൾപ്പെടുന്നു. ധനസഹായം സുഗമമാക്കുന്ന പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമാണ് കേരള സർക്കാർ പദ്ധതിയുമായി മുന്നോട്ട് പോകുന്നത്.<br><br>തുടർന്ന് പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതിരടയാളക്കല്ലിടൽ, വിശദമായ സാമൂഹിക ആഘാത പഠനം, അടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ജിയോ ടാഗിങ്ങ് സാങ്കേതികവിദ്യ ഉപയോഗിച്ച് അതിരടയാളം നിർണ്ണയിച്ചുകൊണ്ട് സാമൂഹികാഘാതപഠനം നടത്തുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഡി.പി.ആറിനു റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി നിരന്തര ചർച്ചകളും കത്തിടപാടുകളും നടത്തി വരുന്നു.<br><br>സിൽവർ ലൈൻ പാതയ്ക്കായുള്ള പരിസ്ഥിതി ആഘാത പഠനം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനം മുഖേന നടത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൂടാതെ ഒരു സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തി വരികയാണ്. ഡെൽഹി ആസ്ഥാനമായ EQMS India Pvt. Ltd എന്ന കമ്പനിയെയാണ് സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി നിയമിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനി പഠനം നടത്തുകയും കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പദ്ധതിക്കായുള്ള സാമൂഹികാഘാത പഠനം അതത് ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഡി.പി.ആർന്റെ ഭാഗമായി സാമ്പത്തിക അവലോകന പഠനവും നടത്തിയിരുന്നു. ആയതു ഡി.പി.ആറിൽ പ്രതിപാദിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത നടപടികൾക്ക് വേണ്ട കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ സാമൂഹ്യ-സാമ്പത്തിക -പാരസ്ഥിതിക ആഘാത പഠനങ്ങൾ ഏത് ഘട്ടത്തിലാണ്; | (ബി) | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) വഴി നടപ്പിലാക്കുന്ന തിരുവനന്തപുരം - കാസർകോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് കേരളസർക്കാർ അംഗീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിനു സമർപ്പിക്കുകയും റെയിൽ മന്ത്രാലയം സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം നൽകുകയും ചെയ്തു.<br><br>പ്രസ്തുത പ്രീ ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് അനുമതിയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രാലയത്തിന്റെ കത്തിൽ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരാമർശിക്കുന്നു, അതിൽ വിശദമായ പ്രോജക്ട് |

റിപ്പോർട്ട് തയ്യാറാക്കൽ, ബൃഹദ് പദ്ധതികൾക്ക് ആവശ്യമായ സർവേ, ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ, ഭൂമി ഏറ്റെടുക്കലിനുള്ള ധനവിന്യാസം മുതലായവ ഉൾപ്പെടുന്നു. ധനസഹായം സുഗമമാക്കുന്ന പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമാണ് കേരള സർക്കാർ പദ്ധതിയുമായി മുന്നോട്ട് പോകുന്നത്.

തുടർന്ന് പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശുപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

അതിരടയാളക്കല്ലിടൽ, വിശദമായ സാമൂഹിക ആഘാത പഠനം, അടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ജിയോ ടാഗിങ്ങ് സാങ്കേതികവിദ്യ ഉപയോഗിച്ച് അതിരടയാളം നിർണ്ണയിച്ചുകൊണ്ട് സാമൂഹികാഘാതപഠനം നടത്തുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഡി.പി.ആറിനു റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി നിരന്തര ചർച്ചകളും കത്തിടപാടുകളും നടത്തി വരുന്നു.

സിൽവർ ലൈൻ പാതയ്ക്കായുള്ള പരിസ്ഥിതി ആഘാത പഠനം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനം മുഖേന നടത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൂടാതെ ഒരു സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തി വരികയാണ്. ഡെൽഹി ആസ്ഥാനമായ EQMS India Pvt. Ltd എന്ന കമ്പനിയെയാണ് സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി നിയമിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനി പഠനം നടത്തുകയും കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പദ്ധതിക്കായുള്ള സാമൂഹികാഘാത പഠനം അതത് ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഡി.പി.ആർന്റെ ഭാഗമായി സാമ്പത്തിക അവലോകന പഠനവും

| | | | |
|---|---|---|---|
| | | | നടത്തിയിരുന്നു. ആയതു ഡി.പി.ആറിൽ പ്രതിപാദിച്ചിട്ടുമുണ്ട്. |
| (സി) | നിലവിൽ കല്ലിടുന്നതിന് വേണ്ടി കെ-റെയിൽ കോർപ്പറേഷന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കാമോ ; | (സി) | നിലവിൽ കല്ലിടുന്നതിന് വേണ്ടി കെ-റെയിൽ കോർപ്പറേഷന് RS.1,33,36,604.50/- (ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തി ആറായിരത്തി അറുന്നൂറ്റി നാല് രൂപ ) ആണ് ചെലവായിട്ടുള്ളത്. |
| (ഡി) | കല്ലിടുന്നതിന് വേണ്ടി എത്ര കല്ലുകൾക്കാണ് ഓർഡർ നൽകിയതെന്നും എത്രയെണ്ണം വാങ്ങിയെന്നും എത്ര കല്ലുകൾ എത്ര കിലോമീറ്റർ ദൂരം നാട്ടിയെന്നും വ്യക്തമാക്കുമോ; | (ഡി) | ആകെ 19,691 കല്ലുകൾക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. അതിൽ നിന്നും ഇതുവരെ 19,738 കല്ലുകൾ വാങ്ങി. വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത് വരെ കല്ലിട്ടതെന്നും, കല്ലിടുന്ന നടപടികൾ നിർത്തിവെയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഇ) | ഗതാഗത വകുപ്പിന്റെ ജി.ഒ. (എം.എസ്) നം. 13/2021/ഗതാ തീയതി 11.06.2021 ഉത്തരവ് പ്രകാരവും റവന്യൂ വകുപ്പിന്റെ ജി.ഒ. (എം.എസ്) നം. 163/2021/റവന്യൂ തീയതി 18.08.2021 പ്രകാരവും സാമൂഹികാഘാത പഠനം നടത്തുന്നതിനു വേണ്ടിയാണ് അതിരടയാളക്കല്ലുകൾ അർത്ഥനാധികാരിയായ കെ.ആർ.ഡി.സി.എൽ സ്ഥാപിച്ചത്. സിൽവർലൈൻ പദ്ധതിയുടെ സാമൂഹികാഘാതപഠനം നടത്തുന്നതിനു മുന്നോടിയായി നടക്കുന്ന അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടമസ്ഥർ സമ്മതിക്കാത്ത പക്ഷം, നിയമപരമായി സാധുവാണെങ്കിൽ ജിയോടാഗിംഗ് അടക്കമുള്ള ഡിജിറ്റൽ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ 05.05.2022 ൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | റീച്ചസ് | ആകെ അതിരടയാളക്കല്ലുകൾ വാങ്ങിയത് | ആകെ അതിരടയാളക്കല്ലുകൾ സ്ഥാപിച്ചത് | മൊത്തം കിലോമീറ്റർ |
|---|---|---|---|---|
| 1 | റീച്ച് 1 - തിരുവനന്തപുരം - കൊല്ലം - ആലപ്പുഴ - പത്തനംതിട്ട | 4920 | 1732 | 36.15 |
| 2 | റീച്ച് 2 - കോട്ടയം - എറണാകുളം | 4202 | 1393 | 35.6 |
| 3 | റീച്ച് 3 - തൃശൂർ - മലപ്പുറം | 4480 | 379 | 26.8 |
| 4 | റീച്ച് 4 - കോഴിക്കോട് - മാഹീ -കണ്ണൂർ | 4306 | 1589 | 52.45 |
| 5 | റീച്ച് 5 - കാസർകോട് | 1783 | 1651 | 42.60 |
| | **ആകെ** | **19691** | **6744** | **193.60** |

സെക്ഷൻ ഓഫീസർ